"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കണ്ണൂർ ജില്ല - പേരാവൂർ ബ്ലോക്ക് - കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് - ബാവലിപ്പുഴ പാലുകാച്ചി റോഡ് - പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.778/2025/DMD തീയതി,തിരുവനന്തപുരം, 24-12-2025

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 183/2025/ഡി.എം.ഡി. തീയതി, 27.03.2025

2. കണ്ണൂർ ജില്ലാകളക്ടറുടെ 04.11.2025 തീയതിയിലെ DCKNR/11163/2025-DM2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്ന കണ്ണൂർ ജില്ലയിലെ പേരാവൂർ ബ്ലോക്കിൽ ഉൾപ്പെട്ട കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ ബാവലിപ്പുഴ പാലുകാച്ചി റോഡ് പ്രവൃത്തിയുടെ ആസ്തി രജിസ്റ്ററിലെ റോഡിന്റെ വീതിയും യഥാർത്ഥ റോഡിന്റെ വീതിയും തമ്മിൽ പൊരുത്തക്കേട് കണ്ടതിനാൽ ആയതിന്റെ അപാകത പരിഹരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനാനുമതി ഉത്തരവാകുന്നതിനായി സമർപ്പിച്ചപ്പോൾ പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടുന്നതിനുള്ള കാലാവധി കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ ടി റോഡ് പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാകളക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ അഭ്യർത്ഥന പരിഗണിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം 10,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്ന കണ്ണൂർ ജില്ലയിലെ പേരാവൂർ ബ്ലോക്കിൽ ഉൾപ്പെട്ട കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ ബാവലിപ്പുഴ പാലുകാച്ചി റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/220/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 24-12-2025 13:09:54

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്